# 28. ഖാലിസ്ഥാൻ

'ഖാലിസ്ഥാൻ' എന്ന വാക്ക് ഇതിനകം ഇന്ത്യയിൽ എല്ലാവർക്കും ഏറെക്കുറെ പരിചിതമായിക്കഴിഞ്ഞിരിക്കും. 'പഞ്ചാബിൽ സിഖ്കാരുടെ ഒരു സ്വതന്ത്രപരമാധികാരരാഷ്ട്രം' എന്നതാണ് ആ വാക്കുകൊണ്ട് ഉദ്ദേശിക്കുന്ന അർത്ഥമെന്നും മിക്കവരും ധരിച്ചുകാണും. അങ്ങനെയൊരു പരമാധികാരരാഷ്ട്രം സ്ഥാപിക്കുന്നതിന്റെ ഫലം ഇന്ത്യയെന്ന രാഷ്ട്രത്തിന്റെ തകർച്ചയും തിരോഭാവവുമാണെന്ന ബോധവും കുറെ ആളുകൾക്കെങ്കിലും കൈവന്നിരിക്കും.

ഖാലിസ്ഥാൻ എന്ന ആശയത്തെയും, അതു പ്രചരിപ്പിക്കുന്ന ആളുകളെയും, അവർ നയിക്കുന്ന അട്ടിമറിപ്രസ്ഥാനത്തെയുംപററി കൂടുതൽ വ്യക്തമായ ധാരണ ഓരോ ഇന്ത്യൻ പൗരനും ഉണ്ടാവേണ്ടതു് ആവശ്യമാണ്. ഒരു വിപത്തിനെ തടുക്കുന്നതിന്റെ ആദ്യത്തെ പടി, ആ വിപത്തു് എന്തു് എന്നു വിശദമായി മനസ്സിലാക്കുകയാണല്ലോ.

'ഖാലിസ്ഥാൻ' എന്ന വാക്കിനു് പഞ്ചാബി ഭാഷയിൽ അർത്ഥം 'വിശുദ്ധരാജ്യം' എന്നാണ്. 'പാകിസ്ഥാൻ' എന്ന ഉർദുവാക്കിന്റെ അർത്ഥവും അതുതന്നെയാണെന്നു് ഓർക്കുന്നതു നന്ന്. മതാധിഷ്ഠിതരാഷ്ട്രങ്ങളായിട്ടാണ് പാകിസ്ഥാനും ഖാലിസ്ഥാനും സങ്കല്പിക്കപ്പെട്ടിരിക്കുന്നതു്. പാകിസ്ഥാൻ ഇസ്ലാമിൽ അധിഷ്ഠിതമെങ്കിൽ, ഖാലിസ്ഥാൻ സിഖ്മതത്തിൽ അധിഷ്ഠിതം. ഇസ്ലാമികരാഷ്ട്രമാണെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടും, പാകിസ്ഥാനിൽ മതനിരപേക്ഷ രാഷ്ട്രങ്ങളിലുള്ളതിനേക്കാൾ കൂടുതൽ മതബോധമോ സദാചാരബോധമോ തത്ഫലമായ സുഖജീവിതമോ ഉള്ളതായി കടുത്ത പാകിസ്ഥാൻ പക്ഷപാതികൾപോലും പറയുമെന്നു തോന്നുന്നില്ല. സിഖ്മതരാഷ്ട്രമായി ഒരു ഖാലിസ്ഥാൻ സ്ഥാപിക്കപ്പെട്ടാലും സ്ഥിതി വ്യത്യസ്തമാവാൻ യാതൊരു സാദ്ധ്യതയുമില്ല. എങ്കിലും, ഇന്ത്യയിൽനിന്നു വിട്ട് ഒരു സ്വതന്ത്രപരമാധികാര മുസ്ലിം രാഷ്ട്രം സ്ഥാപിക്കാൻ മുസ്ലിം ജനതയെ ഇളക്കിത്തീർക്കുന്നതിനു് 'പാകിസ്ഥാൻ' എന്ന പേരിൽ അടക്കംചെയ്ത ഇസ്ലാമികരാഷ്ട്രം എന്ന സങ്കല്പനത്തിനു കഴിഞ്ഞു. അതുപോലെ, ഇന്ത്യയിൽനിന്നു വിട്ട് ഒരു സ്വതന്ത്രപരമാധികാര സിഖ്രാഷ്ട്രം സ്ഥാപിക്കുന്നതിനാവശ്യമായ ബലപ്രയോഗം നടത്തുവാൻ സിഖ്ജനതയെ ഇളക്കിത്തീർക്കുന്നതിനു് 'ഖാലിസ്ഥാൻ' എന്ന പേരിൽ അടക്കംചെയ്ത 'സിഖ്മതരാഷ്ട്രം' എന്ന സങ്കൽപ്പനം പര്യാപ്തമാകും എന്നാണ് ഖാലിസ്ഥാൻവാദികൾ കരുതുന്നതു്.

ഖാലിസ്ഥാനുവേണ്ടിയുള്ള സമരം ('ധർമയുദ്ധം' എന്നാണ് ഈ സമരത്തെ ഖാലിസ്ഥാൻവാദികൾ വിവരിക്കുന്നതു്) നടന്നുകൊണ്ടിരിക്കുകയാണ്. ഈ സമരത്തിലെ സുപ്രധാനമായ ഒരു സംഭവമായിരുന്നു ഇന്ദിരാഗാന്ധിയുടെ വധം. ഇക്കഴിഞ്ഞ മെയ്മാസത്തിൽ ഡില്ലിയിലും, ഉത്തർപ്രദേശിലെയും ഹരിയാനയിലെയും രാജസ്ഥാനിലെയും പല നഗരങ്ങളിലും, നിരപരാധികളായ പല ആളുകളുടെ മരണത്തിനിടവരുത്തിയ ട്രാൻസിസ്റ്റർബോംബ്സ്ഫോടനങ്ങളും ഈ 'ധർമയുദ്ധ'ത്തിന്റെ ഭാഗംതന്നെ. ഇന്ത്യയ്ക്കകത്തു നടത്തുന്ന ഭീകരപ്രവർത്തനങ്ങളിലൂടെ മാത്രമേ 'ഖാലിസ്ഥാൻ' എന്ന ലക്ഷ്യം നേടാനാവൂ എന്നു് ഖാലിസ്ഥാൻവാദികൾക്കു് അറിയാം. ഭീകരപ്രവർത്തനങ്ങൾ നടത്തുന്ന

തിനുള്ള സംഘടന ഇന്ത്യയ്ക്കകത്തു രഹസ്യമായി വളർത്തിയെടുക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. പോലീസും പട്ടാളവും എത്ര സമർത്ഥമായി പ്രവർത്തിച്ചാലും, നിനച്ചിരിക്കാത്ത സ്ഥലങ്ങളിൽ കടന്നാക്രമണം നടത്തി ജനങ്ങളെ സംഭ്രാന്തരാക്കുന്നതിന്, എന്തിനും തുനിഞ്ഞിറങ്ങിയ ഒരുപററം സാഹസികർക്കു കഴിയും. ഈ സാഹസികരെ പുറമെനിന്നു തുണയ്ക്കാൻ ആവശ്യമായ സംവിധാനം ഉണ്ടായിരിക്കണമെന്നേയുള്ളു.

ഇന്ത്യയിലെ ഖാലിസ്ഥാൻവാദികളായ ഭീകരപ്രവർത്തകരെ പണം നൽകിയും ആയുധം നൽകിയും പരിശീലനം നൽകിയും സഹായിക്കുന്നതിനും, അവർക്ക് അതാതു കാലത്ത് അട്ടിമറികൾ നടത്താൻവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമായി വിദേശങ്ങളിൽ പല സംഘടനകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടതു് ഇംഗ്ലണ്ടിൽ, ലണ്ടൻ പട്ടണം കേന്ദ്രമായി, 1980—ാമാണ്ടിൽ സ്ഥാപിക്കപ്പെട്ട 'ഖാലിസ്ഥാൻ ഗവണ്മെൻറ്'' ആണ്. ഈ ഗവണ്മെൻറിൻെറ തലവൻ—പ്രസിഡണ്ട് ആയി സ്വയം പ്രഖ്യാപിച്ചിട്ടുള്ള ആളാണ് ജഗജീത്സിംഹ് ചൗഹാൻ. മുമ്പൊരിക്കൽ പഞ്ചാബ് മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായിരുന്ന ചൗഹാൻ ഇപ്പോൾ സ്ഥിരമായി ഇംഗ്ലണ്ടിലാണു പാർക്കുന്നതു്. എങ്കിലും, കൂടെക്കൂടെ അമേരിക്ക, കാനഡ, പടിഞ്ഞാറെ ജർമനി മുതലായ ധാരാളം സിഖ്കാർ കുടിയേറിപ്പാർത്തിട്ടുള്ള രാജ്യങ്ങളും പാകിസ്ഥാനും ചൗഹാൻ സന്ദർശിക്കാറുണ്ട്. 1971–ൽ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ യുദ്ധം നടക്കുമ്പോൾ ചൗഹാൻ പാകിസ്ഥാനിലെത്തി റേഡിയോവഴി ഇന്ത്യൻ പട്ടാളത്തിലെ സിഖ്കാരെ, കൂറുമാറി പാകിസ്ഥാൻകാരുടെ ഭാഗത്തുചേരാൻ ഉദ്ബോധിപ്പിക്കുകയുണ്ടായി.

ചൗഹാൻ പ്രസിഡണ്ടായി ലണ്ടനിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള 'ഖാലിസ്ഥാൻഗവണ്മെൻറി'ൻെറ പ്രതിനിധികാര്യാലയങ്ങൾ (കോൺസുലേററുകൾ) അമേരിക്കയിലെ ന്യൂയോർക്ക്, ഡെട്രോയ്ററ്, ഹ്യൂസ്റ്റൻ എന്നീ നഗരങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കാനഡയിലെയും ബ്രിട്ടനിലെയും പല നഗരങ്ങളിലുമുണ്ട് ഇത്തരം കാര്യാലയങ്ങൾ. ഇവയിൽ നിന്ന് സിഖ്കാർക്ക് ഖാലിസ്ഥാൻ പാസ്പോർട്ടു നൽകിവരുന്നു. ഖാലിസ്ഥാൻ വക കറൻസിനോട്ടുകളും ഇവർ അച്ചടിച്ചു പ്രചരിപ്പിക്കുന്നുണ്ട്. ഖാലിസ്ഥാൻഗവണ്മെൻറിൻെറ മുഖ്യ സെക്രട്ടറിയേററ് ലണ്ടനിൽ ടാൽബോട്ട്റോഡിലെ പന്ത്രണ്ടാംനമ്പർ കെട്ടിടത്തിലാണ്. ഈ കെട്ടിടത്തിനു് 'ഖാലിസ്ഥാൻ ഹൗസ്'' എന്ന പേരു നൽകപ്പെട്ടിരിക്കുന്നു.

ഖാലിസ്ഥാൻവാദികളുടെ ഭീകരപ്രവർത്തനങ്ങൾക്കു ധനസഹായം നൽകുന്ന സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് അമേരിക്കയുടെ തലസ്ഥാനമായ വാഷിങ്ടൻനഗരത്തിൽ സ്ഥാപിക്കപ്പെട്ട 'നാൻകാനാ സാഹിബ്ഫൗണ്ടേഷൻ'. പാകിസ്ഥാനിൽ ലാഹോറിനു് അടുത്തുള്ള 'നാൻകാനാ സാഹിബ്'' എന്ന സിഖ്ഗുരുദ്വാരയുടെ പേരാണ് ഈ ഫൗണ്ടേഷനു നൽകിയിട്ടുള്ളതു്. ഈ സ്ഥാപനത്തിൻെറ തലവനാണ് ഈയിടെ രാജീവ് ഗാന്ധി അമേരിക്ക സന്ദർശിച്ചതിനു തൊട്ടുമുമ്പ് വാഷിങ്ടൻ പ്രസ്ക്ലബ്ബിൽ പത്രസമ്മേളനം നടത്തിയ ഗംഗാസിംഹ്ധില്ലൻ. ഖാലിസ്ഥാൻ സ്ഥാപിക്കപ്പെട്ടാൽ അവിടത്തെ വിദേശകാര്യമന്ത്രിയായിരിക്കുക ധില്ലൻ ആണത്രെ. ധില്ലനു് അമേരിക്കൻ രഹസ്യപ്പോലീസുമായി ബന്ധമുണ്ടെന്നു പറയപ്പെടുന്നു. സിഖ് ഭീകരപ്രവർത്തകർക്കു് നാൻകാനാ സാഹിബ് ഫൗണ്ടേഷൻവഴി അമേ

രിക്കൻ രഹസ്യപ്പോലീസ് (സി. ഐ. എ.) ധനസഹായം നൽകുന്നുണ്ടത്രെ. അമേരിക്കയിൽ മുമ്പ് പട്ടാള—രഹസ്യപ്പോലീസ് വിഭാഗത്തിന്റെ തലവനായിരുന്ന ഡാനിയൽ ഗ്രഹാം, രഹസ്യപ്പോലീസിൽ (സി. ഐ. എ. യിൽ) ഒരു എക്സിക്യൂട്ടീവ് ആയ ഗ്രിഫിൻ, നിയമസഭാംഗങ്ങളായ സെനററർ ഹെൽമ്സ്, വിൽസൺ എന്നിവരും ധില്ലന്റെ സുഹൃത്തുക്കളാണ്.

വാഷിങ്ടൻനഗരത്തിൽ 16—ാംനമ്പർ തെരുവിൽ 1420—ാംനമ്പർ കെട്ടിടത്തിലുള്ള 'ലോക—സിഖ്സംഘടന'യുടെ മുഖ്യ പ്രവർത്തകനും ധില്ലൻതന്നെ. അമേരിക്കൻ കോൺഗ്രസ് കെട്ടിടത്തിനകത്തുവെച്ച്, പഞ്ചാബ് സംഭവങ്ങളെ—സിഖ്കാർക്കെതിരായി സർക്കാർ കൈക്കൊണ്ട, ക്രൂരമെന്നു വിവരിക്കപ്പെട്ട നടപടികളെപ്പററി ഒരു 'വിചാരണ' നടത്തിക്കുവാൻ ധില്ലനു കഴിഞ്ഞിട്ടുണ്ട്. ലണ്ടനിൽവെച്ച് ഖാലിസ്ഥാൻവാദികളുടെ ഒരു ലോകസമ്മേളനം അടുത്തകാലത്തു വിളിച്ചുകൂട്ടുന്നതിലും ധില്ലനു കൈയുണ്ടായിരുന്നു.

ഖാലിസ്ഥാൻ 'പ്രസിഡണ്ട്' ചൗഹാനും 'വിദേശകാര്യമന്ത്രി' ധില്ലനും കൂടെക്കൂടെ പാകിസ്ഥാൻ സന്ദർശിക്കാറുണ്ട്. നാൻകാനാസാഹിബ് ഗുരുദ്വാരയിൽവെച്ച് ഇവരുമായി പാകിസ്ഥാനിലെ പട്ടാളഭരണാധികാരിയായ സിയാഉൽ ഹക് പല തവണ കൂടിയാലോചനകൾ നടത്തിയിട്ടുള്ളതായി പത്രങ്ങളിൽ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇക്കഴിഞ്ഞ മാർച്ചുമാസത്തിൽ ധില്ലൻ പാകിസ്ഥാൻ സന്ദർശിക്കുകയുണ്ടായി. പാകിസ്ഥാന്റെ അകത്തു പലയിടങ്ങളിലും സിഖ്ഭീകരപ്രവർത്തകർക്ക് ആയുധപരിശീലനവും അട്ടിമറിപ്പരിശീലനവും നൽകുന്ന ക്യാമ്പുകൾ ഉണ്ട്. അമേരിക്കൻ—പാകിസ്ഥാനി പട്ടാളക്കാർ ഈ പരിശീലനങ്ങൾക്കു മേൽനോട്ടം വഹിക്കുന്നു. സ്വയം മരിച്ചും ബോംബ്സ്ഫോടനം നടത്തുന്ന 'ആത്മഹത്യാസംഘ'ങ്ങളെ പാകിസ്ഥാനിൽനിന്നും ബ്രിട്ടനിൽനിന്നും അമേരിക്കയിൽനിന്നും ഇന്ത്യയിലേക്കയയ്ക്കാൻ തങ്ങൾക്കു പരിപാടികളുണ്ടെന്ന് ഒരു ഖാലിസ്ഥാൻ നേതാവുചെയ്ത പ്രസ്താവന, പാകിസ്ഥാനിലെ ഒരു ഉർദുപത്രം പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചിരുന്നു. പാകിസ്ഥാനിൽ താവളമുറപ്പിച്ച കള്ളക്കടത്തുകാരും ഭീകരപ്രവർത്തകരും ചാരന്മാരും യോജിച്ച് അതിർത്തികടന്നു വന്നാണ് ഇന്ത്യയിൽ കൊലപാതകങ്ങളും അട്ടിമറി പ്രവർത്തനങ്ങളും നടത്തുന്നതെന്ന് പഞ്ചാബ് പോലീസിന്റെ ഡയറക്ടർ ജനറൽ പ്രസ്താവിച്ചിട്ടുണ്ട്. ഇന്ദിരാഗാന്ധിയുടെ വധത്തെത്തുടർന്ന് ധില്ലൻ ചെയ്ത ഒരു പ്രസ്താവനയിൽ, ഖാലിസ്ഥാനെ എതിർക്കുന്ന ഇന്ത്യൻ നേതാക്കളുടെ വധപരമ്പരയിൽ ആദ്യത്തേതു മാത്രമാണ് ഇന്ദിരാവധം എന്നു പറയുകയുണ്ടായി.

ഖാലിസ്ഥാനിൽ ഏതെല്ലാം പ്രദേശങ്ങൾ ഉൾപ്പെടുമെന്ന് ഖാലിസ്ഥാൻവാദികൾ തെളിച്ചുപറയുന്നില്ല. എന്നാൽ, അവർ വിദേശങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന ഭൂപടങ്ങളിൽ പഞ്ചാബിനു പുറമേ ഹരിയാന, ഹിമാചൽപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ പല പ്രദേശങ്ങളും ഉൾപ്പെടുന്നു. ദില്ലികൂടി അവർ അവകാശപ്പെട്ടുകൂടായ്കയില്ല.

ഈ ശതാബ്ദത്തിന്റെ ആദ്യവർഷങ്ങളിൽ വലിയ തോതിൽ സിഖ്കാർ കാനഡയിലും അമേരിക്കയിലും കുടിയേറിപ്പാർക്കുകയുണ്ടായി. രാജ്യകാര്യങ്ങളിൽ താല്പര്യമില്ലാത്ത ഇവരിൽ പലരും വലിയ പണക്കാരാണ്. മതത്തിന്റെ പേരു പറഞ്ഞ് ഇവരെ വഴിതെററിക്കാൻ ഖാലിസ്ഥാൻവാദികൾക്കു കഴിഞ്ഞിട്ടുണ്ട്. ഈ പ്രചാരവേലയെ ഫലപ്രദമായി നേരിടാൻ ഇന്ത്യാഗവണ്മെൻറിനു കഴിഞ്ഞിട്ടില്ല. ദേശീയ സിഖ്

നേതാക്കളാണെങ്കിൽ, അത്തരമൊരു പരിശ്രമം ആവശ്യമാണെന്ന് ഇതു വരെ ആലോചിച്ചിട്ടമില്ല.

ഇന്ത്യയെ ഒരിക്കൽക്കൂടി വെട്ടിപ്പിളൎന്ന് ഖാലിസ്ഥാൻ എന്ന സ്വതന്ത്രപരമാധികാരരാഷ്ട്രം സ്ഥാപിക്കുക അസംഭാവ്യമാണെന്ന് ഇപ്പോഠം നാം വിചാരിക്കുന്നു. പാകിസ്ഥാൻ സ്ഥാപിക്കപ്പെടുന്നതിന് ഏതാനും വർഷം മുമ്പുവരെ, ആ രാഷ്ട്രത്തിന്റെ സ്ഥാപനം സംബന്ധിച്ച നമ്മുടെ ധാരണയും ഇതുതന്നെയായിരുന്നു. വേണ്ട വിധത്തിൽ കൈകാര്യം ചെയ്യപ്പെടാത്തപക്ഷം, ഇന്ത്യയുടെ മറെറാരു വിഭജനത്തിലേക്ക് ഖാലിസ്ഥാൻ പ്രസ്ഥാനം വഴിതെളിച്ചുകൂടായ്കയില്ല. എത്ര സമത്ഥമായി കൈകാര്യംചെയ്താലും, കനിഷ്കവിമാനാപകടംപോലെ ദാരുണങ്ങളായ എത്രയോ അട്ടിമറികഠം, ഖാലിസ്ഥാൻപ്രസ്ഥാനത്തിന്റെ പേരിൽ ഭീകരപ്രവത്തകർ ഇന്ത്യയിലും ഇന്ത്യൻ പൗരന്മാർക്കെതിരെയും നടത്തുമെന്നതു് ഏറെക്കുറെ ഉറപ്പാണ്.

(ആധാരം: ന്യൂടൈംസ്, 25 ജൂൺ, 1985)

## 29. പ്രധാനമന്ത്രി രാജീവഗാന്ധി

തികച്ചും അപ്രതീക്ഷിതമായാണ് ഇന്ത്യയുടെ പ്രധാനമന്ത്രിപദമെന്ന കനത്ത ഉത്തരവാദിത്തം ശ്രീ രാജീവഗാന്ധിക്ക് ഏറെറടുക്കേണ്ടിവന്നിട്ടുള്ളതു്. ജവാഹർലാൽ നെഹ്റുവിന്റെ കീഴിൽ ഇന്ദിരാഗാന്ധി നേടിയതുപോലെ ഇന്ദിരാഗാന്ധിയുടെ കീഴിൽ സാമാന്യം നീണ്ട രാഷ്ട്ര—ഭരണതന്ത്ര—പരിശീലനം നേടാൻ ശ്രീ രാജീവഗാന്ധിക്ക കഴിയാതെപോയി.

ഇന്ദിരാഗാന്ധി മരിച്ച് ഏതാനും മണിക്കൂറുകഠക്കകം ശ്രീ രാജീവഗാന്ധി പ്രധാനമന്ത്രിയായി പ്രതിജ്ഞചെയ്ത് അധികാരമേററു എന്നതു്, ഇപ്പോഴും ഇന്ത്യൻജനാധിപത്യത്തിന്റെ ആരോഗ്യം, പലരും ആശങ്കിക്കുന്നതുപോലെ മോശമല്ല എന്നതിനു തെളിവാണ്. കോൺഗ്രസ് പ്രവത്തകസമിതിയുടെ ഒരു ഉപസമിതി മാത്രമായ പാർലമെൻററി ബോർഡിന്റെ ശുപാർശയെ ആദരിച്ച് രാഷ്ട്രപതി സെയിൽസിംഗ് ശ്രീ രാജീവഗാന്ധിയെ പ്രധാനമന്ത്രിപദത്തിൽ അവരോധിച്ചതിൽ ശ്രീ ചരൺ സിംഗ് പോലെയുള്ള എതിർപക്ഷനേതാക്കഠം മുറുമുറുക്കുകയുണ്ടായി. കോൺഗ്രസ് പാർലമെൻററിപാർട്ടി ഏകകണ്ഠമായി ശ്രീ രാജീവഗാന്ധിയെ തങ്ങളുടെ നേതാവായി തെരഞ്ഞെടുത്തതോടെ ആ മുറുമുറുപ്പിന് ഒരുതരം മര്യാദകേടെന്നതിൽ കവിഞ്ഞ അത്ഥമൊന്നുമില്ലെന്നു വ്യക്തമായിരിക്കുന്നു. പ്രധാനമന്ത്രി പെട്ടെന്നു മരിച്ചാൽ, മന്ത്രിസഭയിലെ പ്രായം കൂടിയ ആളെ താല്ക്കാലിക പ്രധാനമന്ത്രിയായി നിയമിച്ചുകൊള്ളണമെന്ന നിയമമൊന്നുമില്ല. സ്ഥിരം പ്രധാനമന്ത്രിയെ നിയമിക്കാൻ കാലതാമസം നേരിടുമെങ്കിലേ ഇത്തരം ഇടക്കാല ഏർപ്പാടുകഠം ആവശ്യമാവുകയുള്ളൂ. പാർലമെൻറിൽ ബഹുഭൂരിപക്ഷമുള്ള കോൺഗ്രസ്പാർട്ടിക്ക്, തങ്ങളെ ആർ നയിക്കണമെന്ന കാര്യത്തിൽ സംശയമൊന്നുമില്ലെങ്കിൽ, ശ്രീ ചരൺസിംഗും കൂട്ടരും എന്തിനു പ്രതിഷേധിക്കണം?

തന്റെയും, താൻ നയിക്കുന്ന മഹാരാജ്യത്തിലെ എഴുപതു കോടി ജനങ്ങളുടെയും സുരക്ഷിതത്വത്തിന് ഉറപ്പുവരുത്തുക എന്നതാണു പ്രധാന